# സ്വഹാബത്തിന്റെ മഹത്വം ക്വുർആനിൽ

**ഗ്രന്ഥകർത്താവ്:** മുഹമ്മദ് ബ്ൻ അബ്ദിറഹ്മാൻ അൽ മഗ്റാവി
**ഗ്രന്ഥം:** മുആവിയ (ﷺ)
**വിവർത്തനം:** കബീർ എം. പറളി

മഹാനായ മുഹമ്മദ് നബി(ﷺ)യുടെ വിശുദ്ധരായ അനുയായികളാണ് സ്വഹാബികൾ. തിരുമേനിക്കു ശേഷം ഇസ്‌ലാമിന്റെ ആദർശം ലോകത്തിന് കൈമാറിയവർ അവരാണ്. അല്ലാഹുവിന്റെ പാശം മുറുകെപ്പിടിച്ചു ജീവിച്ച അവർ അവസാന നാൾവരെയുള്ള വിശ്വാസീ ലോകത്തിന് മാതൃകകളാണെന്നതിൽ സംശയമില്ല. അവരുടെ സത്യസന്ധതക്ക് വിശുദ്ധ ഖുർആൻ സാക്ഷിയാണ്. അവരെപ്പറ്റിയുള്ള ഖുർആനിക വചനത്തിലൂടെയാണ് നമ്മുടെ ആദ്യ യാത്ര.

ഒന്ന്: ''മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.'' (ഫത്ഹ്: 29)

ഇബ്നുൽ ജൗസി(رحمه الله) ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് പറഞ്ഞു; ''ഈ വിശേഷണങ്ങൾ പ്രവാചക(ﷺ)ന്റെ മുഴുവൻ സ്വഹാബത്തിനേയും സംബന്ധിച്ചാണെന്ന് ഭൂരിഭാഗം പണ്ഡിതന്മാരും അംഗീകരിച്ചിട്ടുണ്ട്.''

ഇമാം ഖുർത്വുബി(رحمه الله) പറയുന്നു: ''അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.' എന്നതിന്റെ ഉദ്ദേശ്യം, മുഹമ്മദ് നബി(ﷺ)യോടൊപ്പമുള്ള വിശ്വാസികളും സൽകർമ്മികളുമായ സ്വഹാബികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു എന്നാണ്. 'പാപമോചനവും മഹത്തായ പ്രതിഫലവും' എന്നാൽ, മുറിഞ്ഞുപോകാത്ത പ്രതിഫലം അഥവാ സ്വർഗം എന്നാണ് അർഥമാക്കുന്നത്.''

ഇബ്നു ഇദ്‌രീസ്(رحمه الله) പറയുന്നു: ''(സ്വഹാബികളോട് ക്രോധം വെക്കുന്നതിൽ) റാഫിദ്വികൾ കാഫിറുകളോട് മത്സരത്തിലാണോ എന്ന് ഞാൻ സംശയിക്കുന്നു. അല്ലാഹു പറയുന്നു:

‘(സത്യ വിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടുവരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു.’’ (ഫത്ഹ്: 29)

അബൂ ഉർവ സുബൈരി(ﷺ) പറയുന്നു: ‘‘ഞങ്ങൾ ഇമാം മാലിക്കിനോടൊപ്പം ഇരിക്കുകയായിരുന്നു. അപ്പോൾ പ്രവാചകന്റെ സ്വഹാബത്തിനെ ദുഷിച്ചു കൊണ്ട് ഒരാൾ സംസാരിച്ചു. അതു കേട്ടപ്പോൾ ഇമാമവർകൾ സൂറത്തുൽ ഫത്ഹിലെ 29ാമത്തെ ആയത്ത് ഓതിക്കൊണ്ട് പറഞ്ഞു: മുഹമ്മദ് നബി(ﷺ)യുടെ സ്വഹാബത്തിനോട് മനസ്സിൽ പകവെക്കുന്ന ഏതൊരാൾക്കും ഈ ആയത്ത് ബാധകമാണ്.’’[1]

ഇമാം ഖുർത്വുബി(ﷺ) ഈ അഥർ ഉദ്ധരിച്ചു കൊണ്ടെഴുതുന്നു: ‘‘ഇമാം മാലിക് പറഞ്ഞത് എത്ര സുന്ദരമാണ്! അദ്ദേഹംത്തിന്റെ വിശകലനമാണ് ശരി. സ്വഹാബികളിലെ ആരെയെങ്കിലും ദുഷിച്ചു പറയുകയോ, ഹദീസ് നിവേദനം ചെയ്യുന്നതിൽ അദ്ദേഹത്തിൽ ആക്ഷേപം കാണുകയോ ചെ യ്യുന്നവൻ, ലോകരക്ഷിതാവായ അല്ലാഹുവിനോട് എതിരുനിൽക്കുന്നവനും, മുസ്‌ലിംകളുടെ മതനിയമങ്ങളെ അസാധുവാക്കുന്നവനുമാണ്.’’[2]

രണ്ട്: അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം.) അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായി ക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ.’’

‘‘അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ച വർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യ മുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ.’’

‘‘അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസ ത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങ ളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാ നിധിയുമാകുന്നു’’ (ഹശ്ർ: 8,9,10)

**ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(ﷺ) തന്റെ ‘മിൻഹാജി’ൽ പറയുന്നു: ‘‘മുഹാജിറുകളേയും അൻസ്വാറുകളേയും, അവർക്കുവേണ്ടി പാപമോചനത്തിന് തേടുകയും, അവരെപ്പറ്റി ഞങ്ങളുടെ ഹൃദയത്തിൽ പകയുണ്ടാക്കരുതേ എന്ന് പ്രാർത്ഥി ക്കുകയും ചെയ്യുന്ന പിൽകാലക്കാരായ വിശ്വാസികളേയും മൊത്തത്തിൽ പുകഴ്ത്തി**

---

[1] ഖിലാലും, അബൂ നഈമും ഉദ്ധരിച്ചത്. ഇമാം ഇബ്നുൽ ജൗസി തന്റെ തഫ്സീറിൽ ഇത് സംഗ്രഹിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

[2] തഫ്സീറുൽ ഖുർത്വുബി

പ്പറയുന്ന ആയത്തുകളാണ് ഇവ. ഈ വിഭാഗം ആളുകളാണ് യുദ്ധാർജ്ജിത സ്വത്തിന് അർഹരായവർ എന്ന ആശയവും ഈ ആയത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്."

"അതിനാൽ സംശയരഹിതമായിപ്പറയാം, റാഫിദ്വികൾ അഥവാ ശീഇകൾ ഈ മൂന്നു വിഭാഗം ആളുകളിലും ഉൾപ്പെടുന്നവരല്ല. കാരണം അവർ വിശ്വാസത്തിൽ മുൻകടന്നവരായ സ്വഹാബത്തിന് മഗ്ഫിറത്തിനു വേണ്ടി പ്രാർഥിക്കുന്നവരല്ല. അവർ തങ്ങളുടെ ഹൃദയത്തിൽ സ്വഹാബികളോട് പകവെക്കുന്നവരാണ്. ഈ ആയത്തുകളിൽ സ്വഹാബികളേയും അവരോട് സ്നേഹം വെച്ചു പുലർത്തുന്ന അഹ്ലുസ്സുന്നയേയും പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. റാഫിദ്വികൾ ഇക്കാര്യത്തിലും പുറത്താണ്. ഇതു തന്നെ മതി റാഫിദ്വീ മതത്തിന് ഖണ്ഡനമായി."

സഅദ് ബ്ൻ അബീ വക്വാസിൽ നിന്നും അബൂ ബദ്ർ നിവേദനം ചെയ്ത ഒരു ഹദീസ് ഇബ്നു ബത്ത്വ ഉദ്ധരിക്കുന്നുണ്ട്: "ആളുകൾ മൂന്നു വിഭാഗമാണ്. അതിലെ രണ്ട് വിഭാഗവും കഴിഞ്ഞു പോയി. ഒരു വിഭാഗം മാത്രം അവശേഷിക്കുന്നുണ്ട്. ഈ അവശേഷിച്ച വിഭാഗത്തിൽപ്പെട്ടവരാകാൻ നിങ്ങൾക്കായത് എന്തുമാത്രം അനുഗ്രഹമാണ്. തുടർന്ന് സഅദ് ബിൻ അബീ വക്വാസ്(ﷺ) സൂറത്തുൽ ഹശ്റിലെ എട്ടാമത്തെ ആയത്തായ, "അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം.) അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു." എന്ന വചനം ഓതിക്കൊണ്ട് പറഞ്ഞു: 'മുഹാജിറുകളായ ഈ വിഭാഗക്കാർ നമ്മളിൽ നിന്നും വിടപറഞ്ഞു കഴിഞ്ഞു.' എന്നിട്ടദ്ദേഹം ഒമ്പതാമത്തെ ആയത്തായ "അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചു വെച്ചവർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും." എന്ന വചനമോതിക്കൊണ്ട് പറഞ്ഞു: 'രണ്ടാമത്തെ വിഭാഗക്കാരായ ഈ അൻസ്വാറുകളും നമ്മളിൽ നിന്നും വിടപറഞ്ഞു പോയി.' തുടർന്നദ്ദേഹം പത്താമത്തെ വചനമായ "അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" എന്ന ആയത്തോതുകയുണ്ടായി. എന്നിട്ട് പറഞ്ഞു: 'ഇതാ ഈ വിഭാഗം മാത്രം ഇനി അവശേഷിക്കുന്നുണ്ട്. കഴിഞ്ഞു പോയ രണ്ടു വിഭാഗത്തിനു വേണ്ടിയും അല്ലാഹുവിനോട്

പാപമോചനം തേടിക്കൊണ്ട് ഈ അവശേഷിച്ച വിഭാഗത്തിൽ നിലകൊള്ളാൻ നിങ്ങളൾക്കായത് എന്തുമാത്രം അനുഗ്രഹമാണ്.''

ഇബ്നു അബിൽ ഇസ്സ് പറയുന്നു: ''പ്രവാചകൻമാരെക്കഴിച്ചാൽ വിശ്വാസികളിൽ ശ്രേഷ്ഠരും, അല്ലാഹുവിൻെറ വലിയ്യുകളിൽ നേതാക്കളുമായ സ്വഹാബികളോട് ഹൃദയത്തിൽ വെറുപ്പ് വെച്ചു പുലർത്തുന്നവരേക്കാൾ വഴികെട്ടവരായി വേറെ ആരുണ്ട്? അത്തരക്കാരേക്കാൾ മെച്ചപ്പെട്ടവർ ഒരു കാര്യത്തിൽ ജൂതൻമാരും കൃസ്ത്യാനികളുമാണ്. നിങ്ങളുടെ മതത്തിൽ ഏറ്റവും നല്ലവർ ആരെന്ന് ജൂതരോട് ചോദിച്ചു നോക്കുക. അവർ പറയും മൂസ(ﷺ)യുടെ അനുചരൻമാരാണെന്ന്. അതേ ചോദ്യം ക്രിസ്ത്യാനികളോട് ചോദിക്കുക. അവർ പറയും ഈസ(ﷺ)യുടെ അനുചരൻമാരാണെന്ന്. എന്നാൽ നിങ്ങളുടെ മതത്തിലെ ഏറ്റവും നികൃഷ്ടൻമാർ ആരാണെന്ന് റാഫിദ്വികളോട് ചോദിച്ചു നോക്കുക. അവർ പറയും, മുഹമ്മദി(ﷺ)ൻെറ സ്വഹാബികളാണ് ഏറ്റവും നികൃഷ്ടർ എന്ന്!!! സ്വഹാബികളിൽ നിന്ന് വളരെ കുറച്ചു പേരെ മാത്രമേ അവർ മാറ്റി നിർത്തൂ. റാഫിദ്വികളാൽ പുകഴ്ത്തപ്പെടുന്നവരേക്കാൾ ഇരട്ടിയിരട്ടിയാണ് അവരാൽ ഇകഴ്ത്തപ്പെടുന്ന സ്വഹാബികൾ.''[3]

ഇമാം ശൗകാനി പറയുന്നു: ''മുഹാജിറുകൾക്കും അൻസ്വാറുകൾക്കും പാപമോചനത്തിന് പ്രാർഥിക്കാൻ ആവശ്യപ്പെടുന്നതോടൊപ്പം, 'വിശ്വാസികളോടുള്ള പകയെ ഞങ്ങളുടെ ഹൃദയത്തിൽ നിന്നും ഇല്ലായ്മ ചെയ്യേണമേ' എന്ന് പ്രാർഥിക്കാനും അല്ലാഹു അവരോട് ആവശ്യപ്പെടുകയാണ്. സ്വഹാബികൾ വിശ്വാസികളുടെ കൂട്ടത്തിൽ ശ്രേഷ്ഠരാണെന്നതു കൊണ്ടു തന്നെ ഈ പ്രാർഥനയിൽ അവർ തന്നെയാണ് ആദ്യം ഉൾപ്പെടുക. മുഴുവൻ പ്രവാചകാനുചരൻമാർക്കും മഗ്ഫിറത്തിന് തേടുകയൊ അവരിൽ അല്ലാഹുവിൻെറ തൃപ്തിയുണ്ടാകട്ടെ എന്ന് പ്രാർഥിക്കുകയൊ ചെയ്യാത്തവൻ, അല്ലാഹുവിൻെറ നിർദ്ദേശത്തെ നിരാകരിച്ചവനാണ്. ഹൃദയത്തിൽ അവരോട് വെറുപ്പ് കാട്ടുന്നവൻ പൈശാചികബാധയേറ്റവനാണ്. അല്ലാഹുവിൻെറ ഔലിയക്കളും പ്രവാചക തിരുമേനി(ﷺ)യുടെ ഉമ്മത്തിലെ ഉൽകൃഷ്ടരുമായ വ്യക്തിത്വങ്ങളോട് ശത്രുത വെക്കുക വഴി അല്ലാഹുവിനോട് നിഷേധം കാണിച്ചവനാണ് അവൻ. നരകാഗ്നിയിലേക്ക് കൊണ്ടെത്തിക്കുന്ന നിന്ദ്യതയുടെ വാതിലുകൾ അവന്നുവേണ്ടി തുറന്നിരിക്കുകയാണ്. 'ഈ സമുദായത്തിലെ മഹത്തുക്കളും ഉന്നതരുമായവരോട് തൻെറ മനസിലുടലെടുത്ത വെറുപ്പിനെ നാഥാ നീ നിഷ്കാസനം ചെയ്യേണമേ' എന്ന് പ്രാർഥിച്ചു കൊണ്ട് അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയല്ലാതെ അവന്ന് വേറെ വഴിയില്ല. ആ മഹത്തുക്കളോടുള്ള മാനസിക വെറുപ്പ് അവരിലാരെയെകിലു നാവെടുത്ത് ചീത്ത പറയുന്ന അവസ്ഥയിലേക്ക് പരിണമിച്ചാൽ അവൻ

[3] ശറഹുത്ത്വഹാവി, പേ. 470

പിന്നെ തീർത്തും പിശാചിൻെറ കടിഞ്ഞാണിനുള്ളിലായി. അല്ലാഹുവിൻെറ കോപത്തിന് ഇരയുമായി. ഈ ഭേദമാകാത്ത രോഗം റാഫിദ്വികളിൽ നിന്നാണ് പകരുന്നത്. അതല്ലെങ്കിൽ സമുദായ ശ്രേഷ്ഠരായ സ്വഹാബത്തിനോട് ശത്രുതയുള്ള ആളുകളിൽ നിന്ന്. പിശാചവരെ പന്താടുകയാണ്. അവർക്ക് പല വ്യാജവർത്തമാനങ്ങളും, കഥകളും അവൻ ഭംഗിയായി തോന്നിപ്പിച്ചിരിക്കുകയാണ്. ഒരു നിലക്കും അവാസ്തവം കടന്നു കൂടാൻ സാധ്യതയില്ലാത്ത വിശുദ്ധ ക്വുർആനിൽ നിന്നും, കാലഘട്ടങ്ങളിലൂടെ വിശ്രുതരായ ഇമാമുകളാൽ കൈമാറി ലഭിച്ച പ്രവാചക സുന്നത്തിൽ നിന്നും അവരെയവൻ അകറ്റി നിർത്തിയിരിക്കുകയാണ്. അങ്ങനെയവർ ഹിദായത്തിനു പകരം വഴികേടിനെ വിലക്കു വാങ്ങിയിരിക്കുന്നു. സമൃദ്ധമായ ലാഭത്തെ കയ്യൊഴിഞ്ഞ് മഹാ നഷ്ടത്തെയാണ് അവർ സ്വീകരിച്ചിരിക്കുന്നത്. അഭിശപ്തനായ പിശാച് അവരെ പടിപടിയായി ക്വുർആനിനും, സുന്നത്തിനും, പ്രവാചകൻെറ സ്വഹാബത്തിനും, വിശ്വാസീ സമൂഹത്തിനും എതിരിലേക്ക് നയിച്ചിരിക്കുകയാണ്. അങ്ങനെയവർ അല്ലാഹുവിൻെറ കല്പനകളെ അവഗണിക്കുകയും, മതനിയമങ്ങളെ കാറ്റിൽ പറത്തുകയും ചെയ്തു. കുതന്ത്രക്കാരോടൊപ്പം നടന്ന അവർ ഇസ്ലാമിനേയും മുസ്ലിംകളേയും കഴിയുന്നത്ര ആക്ഷേപിച്ചു. അല്ലാഹുവാകട്ടെ അവരുടെ ഓരോ ചലനവും നിരീക്ഷിച്ച് അവർക്കു പിറകിൽത്തന്നെയുണ്ട്."[4]

സുബൈർ ബ്ൻ ബക്കാർ(رحمه الله) പറയുന്നു: അബ്ദുല്ല ബ്ൻ ഇബ്റാഹീം അൽ ക്വുദാമ തൻെറ പിതാവിൽ നിന്നും, അദ്ദേഹം തൻെറ പിതാമഹനിൽ നിന്നും, അദ്ദേഹം മുഹമ്മദ് ബ്ൻ അലിയിൽ നിന്നും അദ്ദേഹം തൻെറ പിതാവായ ഹുസൈനി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്ന ഹദീസ്: "ഒരിക്കൽ കുറച്ച് ഇറാഖികൾ കൂടിയിരുന്ന് അബൂബക്കറിനെയും ഉമറിനെയും പറ്റി പലതും പറഞ്ഞ് ആക്ഷേപിക്കുകയായിരുന്നു. അല്പം കഴിഞ്ഞ് അവർ ഉസ്മാനിനേയും പിടികൂടി. ഇതു കണ്ട മാത്രയിൽ ഹുസൈൻ(ﷺ) ചോദിച്ചു: "സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം.) അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു." എന്ന് അല്ലാഹു പറഞ്ഞ ആദ്യ കാലക്കാരായ മുഹാജിറുകളിൽപ്പെട്ടവരാണൊ നിങ്ങൾ? അവർ പറഞ്ഞു: അല്ല. അദ്ദേഹം വീണ്ടും ചോദിച്ചു: "അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു." എന്ന് അല്ലാഹു പ്രസ്താവിച്ച അൻസ്വാറുകളിൽപ്പെട്ടവരാണൊ നിങ്ങൾ? അവർ പറഞ്ഞു: അല്ല. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെടുന്നവരല്ല നിങ്ങളെന്ന് നിങ്ങൾ തന്നെ അംഗീകരിച്ച സ്ഥിതിക്ക് ഞാൻ പറയട്ടെ, "അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ

4 തഫ്സീർ ശൗകാനി, 51/287, 288

രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു'' എന്ന് അല്ലാഹു മൂന്നാമതായി പ്രസ്താവിച്ച വിഭാഗത്തിൽപ്പെട്ടവരുമല്ല നിങ്ങൾ. എൻറരികിൽ നിന്നും നിങ്ങൾ എഴുന്നേറ്റു പോവുക. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കാതിരിക്കട്ടെ. അനർഹമായാണ് നിങ്ങളവരെ അപഹസിക്കുന്നത്''’[5]

മഹാനായ ഹുസൈനി(ﷺ)ൻെറ ഈ ആക്ഷേപത്തിന് തികച്ചും അർഹരാണ് മ്ലേഛൻമാരായ ശീഇകൾ. എന്തു കൊണ്ടെന്നാൽ, പ്രവാചകൻമാർ കഴിഞ്ഞാൽ ഈ സമുദായത്തിലെ ഏറ്റവും ഉത്തമൻമാരായ ആളുകളുടെ, അതെ, വിശുദ്ധ ഇസ്ലാമിൻെറ വാഹകരും പ്രചാരകരുമായിരുന്ന മഹത്തുക്കളുടെ അഭിമാനം കൊണ്ട് പന്താടിയവരാണ് അവർ. സ്വഹാബത്തിനെ ആക്ഷേപിക്കുന്നവൻ ഇസ്ലാമിനെ ആക്ഷേപിക്കുന്നവനാണ്. വിശ്വാസികളുടെ മാർഗത്തിൽ നിന്നും തെറിച്ചു പോയവനുമാണ്. അവൻ അക്രമികളുടെ പാതയിലാണ്. വ്യക്തമായ വഴികേടിൻെറ കയറിൽ കുടുങ്ങിയവൻ. നിന്ദ്യമായ ശിക്ഷക്ക് അർഹനായവൻ.

സ്വഹാബത്തിനെ അവഹേളിക്കുന്ന ഈ വിഭാഗത്തെപ്പറ്റി വിശദീകരിച്ചു കൊണ്ട് മഹാനായ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(رحمه الله) പറഞ്ഞു: ''സ്വബോധമൊ ശരിയായ പ്രമാണമൊ ഇല്ലാത്തവരാണവർ. അംഗീകരിക്കാവുന്ന ദീനൊ, ജീവിത സഹായിയായ ദുൻയാവൊ കയ്യിലില്ലാത്തവർ. കളവിൻേറയും വിവരക്കേടിൻേറയും ഏറ്റവും വലിയ സംഘമാണവർ. നസ്വീരിയ്യ, ഇസ്മാഈലിയ്യ കക്ഷികളെപ്പോലെ, സകല നിർമ്മതൻമാരും മതഭ്രഷ്ടരും കുടിയേറിയ മതമാണവരുടേത്. ഈ സമുദായത്തിലെ മഹത്തുക്കളോട് ശത്രുത വെക്കുകയും, അല്ലാഹുവിൻെറ വൈരികളായ ജൂത ക്രൈസ്തവരോടും മുശ്രിക്കുകളോടും സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നവരാണ് ശീഇകൾ. എണ്ണമറ്റ ഹദീസുകളാൽ സ്ഥാപിതമായ സത്യങ്ങളെ അവഗണിക്കുകയും, വിപത്കരമായ വ്യാജവാർത്തകളെ വിലമതിക്കുകയും ചെയ്യുന്നതാണ് അവരുടെ സ്വഭാവം. ഈ സംഘത്തെപ്പറ്റി വ്യക്തമായറിയാവുന്ന ഇമാം ശഅ്ബി പറഞ്ഞു: 'മൃഗങ്ങളായിരുന്നുവെങ്കിൽ അവർ കഴുതകളാകുമായിരുന്നു. പക്ഷികളായിരുന്നുവെങ്കിൽ അവർ അടയിരിക്കുന്ന കോഴികളാകുമായിരുന്നു.' സത്യത്തിൽ ഇവരാണ് ഏറ്റവും കൊടിയ നുണയൻമാർ. മുആവിയ(ﷺ)യെപ്പറ്റിയുള്ള അവരുടെ നുണകൾ അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്. നബി തിരുമേനി (ﷺ) മറ്റേതൊരു സഹാബിയോട് കല്പിക്കുന്നതു പോലെയും മുആവിയ(ﷺ)യോട് പല കാര്യത്തിനും കൽപിച്ചതായി മുതവാതിറായ അനേകം ഹദീസുകളിലൂടെ സ്ഥാപിക്കപ്പെട്ടതാണ്. അദ്ദേഹം പ്രവാചക(ﷺ)നോടൊപ്പം ജിഹാദിലേർപ്പെട്ടിട്ടുണ്ട്. അല്ലാഹുവിൽ നിന്നും ലഭി

5 അൽബിദായ വന്നിഹായ, വാ. 9 പേ. 122

ക്കുന്ന വഹ്യ് എഴുതി രേഖപ്പെടുത്താൻ മാത്രം വിശ്വസ്ഥനായിരുന്ന പ്രവാചകൻെറ അടുക്കൽ മുആവിയ(ﷺ). വഹ്യെഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ ഒരിക്കൽ പോലും നബി(ﷺ) അദ്ദേഹത്തിൽ സന്ദേഹം പ്രകടിപ്പിച്ചിട്ടില്ല. വ്യക്തികളെ സംബന്ധിച്ച കൃത്യമായ ധാരണയുണ്ടായിരുന്ന, നാവിലും ഹൃദയത്തിലും അല്ലാഹുവിനാൽ സത്യമുട്ടപ്പെട്ട ഉമർ ബ്ൻ ഖത്വാബ്(ﷺ) മുആവിയയെ തൻെറ ഗവർണ്ണറായി നിശ്ചയിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ ഭരണകാര്യത്തിൽ ഉമർ(ﷺ) ഒരു തരത്തിലുള്ള അപവാദവും ദർശിച്ചിരുന്നില്ല.''[6]

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(ﷺ)യുടെ ശിഷ്യനായ ഇമാം ഇബ്നുൽ ക്വയ്യിം(ﷺ), ജഹ്മിയ്യാക്കൾ, ഫിർഔനിയ്യാക്കൾ, ബാത്വിനിയ്യാക്കൾ തുടങ്ങിയവരെപ്പറ്റി വിശദീകരിച്ച ശേഷം എഴുതുന്നു: ''റാഫിദ്വികൾ (ശിയാക്കൾ) പിശാചിൻെറ പാശമാണ് മുറുകെപ്പിടിക്കുന്നത്. അവർ അല്ലാഹുവിൻെറ പാശവുമായുള്ള ബന്ധം വിഛേദിച്ചവരാണ്. പ്രവാചകൻെറ സ്വഹാബികളെ ചീത്ത പറയുന്നതിൽ മുഴുകിയിരിക്കുന്ന അവർ, സുന്നത്തിനോടും അതിൻെറ വാഹകരോടും തികഞ്ഞ യുദ്ധത്തിലാണ്. അല്ലാഹുവിൻേറയും റസൂലിൻേറയും ഇസ്ലാമിൻേറയും ശത്രുക്കളോട് മുഴുവൻ സന്ധിയിലാണവർ. അവർ തങ്ങളുടെ റബ്ബിൻെറ അനുഗ്രഹം തടയപ്പെട്ടവരും, അവൻെറ വാതിൽക്കൽ നിന്ന് ആട്ടിയോടിക്കപ്പെട്ടവരുമാണ്. അഭിശപ്തനായ പിശാചിൻെറ സംഘമാണവർ. റസൂലി(ﷺ)ൻേറയും അനുയായികളുടേയും വൈരികൾ.''[7]

മൂന്ന്: ''നിങ്ങളുടെ കൂട്ടത്തിൽ നിന്നു (മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാണ് അല്ലാഹു.'' (ഹദീദ്: 10)

''ഏറ്റവും നല്ല പ്രതിഫലം'' എന്നതു കൊണ്ടുള്ള ഉദ്ദേശ്യം സ്വർഗമാണ്. ഒട്ടനവധി ഹദീസുകളിൽ നിന്നും മനസിലാക്കാനാകുന്നത് അതാണ്. മേൽ സൂചിത വചനത്തിലെ ''എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.'' എന്ന പ്രസ്താവനയെ ആധാരമാക്കി ഇമാം ഇബ്നു ഹസം(ﷺ) അഭിപ്രായപ്പെട്ടത്, 'പ്രവാചക സ്വഹാബികൾ മുഴുവനും, ഒരാളും ഒഴിവാകാതെ, സ്വർഗത്തിലാണെന്ന് ഈ ആയത്ത് ഖണ്ഡിതമായും തെളിയിക്കുന്നുണ്ട്' എന്നാണ്.

നാല്: ''ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ

[6] അൽ ഫതാവാ, വാ. 4, പേ. 471, 472

[7] ഹാദിൽ അർവാഹ്, പേ. 196

ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു.'' (ഫത്ഹ്: 18) സ്വഹാബികളോടുള്ള പരമകാരുണികൻെറ പരിപൂർണ്ണ തൃപ്തിയെയാണ് ഈ വചനം പ്രഖ്യാപിക്കുന്നത്.

അഞ്ച്: ''മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.'' (തൗബ: 100)

ഇമാം ബഗ്‌വി(ﷺ) എഴുതുന്നു: ''അബൂ സഖ്ർ ഹുമൈദ ബ്ൻ സിയാദ പറഞ്ഞു: മുഹമ്മദ് ബ്ൻ കഅബ് അൽ ക്വുറളിയെ സന്ദർശിച്ചപ്പോൾ ഞാനദ്ദേഹത്തോട് ചോദിച്ചു: നബി തിരുമേനി(ﷺ)യുടെ സഹാബികളെപ്പറ്റിയുള്ള താകളുടെ അഭിപ്രായമെന്താണ്?' അദ്ദേഹം പറഞ്ഞു: 'അവരിൽ നന്മകൾ ചെയ്തവരാകട്ടെ, തെറ്റുകൾ സംഭവിച്ചവരാകട്ടെ സകലരും സ്വർഗത്തിൽ തന്നെയാണ്.' ഞാൻ ചോദിച്ചു: എന്തടിസ്ഥാനത്തിലാണ് താകളിത് പറയുന്നത്? അദ്ദേഹം പറഞ്ഞു: ''മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു.'' എന്ന ആയത്ത് വായിച്ചു നോക്കുക, നിനക്ക് മനസിലാകും.''

ഹാഫിള് ബ്ൻ കഥീർ (ﷺ) പ്രസ്താവിക്കുന്നു: ''മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ടു വന്നവരേയും, സുകൃതം ചെയ്ത് കൊണ്ട് അവരെ പിന്തുടർന്നവരേയും താൻ തൃപ്തിപ്പെട്ടിട്ടുണ്ട് എന്ന് ഈ വചനത്തിലൂടെ അല്ലാഹു നമ്മെ അറിയിക്കുകയാണ്. അപ്പോൾ, ആ മഹാത്മാക്കളെ മുഴുവനായൊ, അവരിൽ നിന്ന് ചിലരെയൊ, വിശിഷ്യാ, പ്രവാചകനെ കഴിഞ്ഞാൽ, സ്വഹാബത്തിൻെറ നേതാവും അവരിലെ ശ്രേഷ്ഠനുമായ മഹാനായ ഖലീഫ അബൂബകർ സിദ്ധീക്വ്(ﷺ)നെയൊ വെറുക്കുകയും അവരെ ആക്ഷേപിക്കുകയും ചെയ്യുന്നവരുടെ അവസ്ഥയെന്താണ്? അവർക്കാണ് സർവ്വനാശം. നീചൻമാരായ റാഫിദ്വികൾ മഹത്തുക്കളായ പ്രവാചകസഖാക്കളോട് ശത്രുത വെക്കുന്നവരും അവരോട് വെറുപ്പ് പ്രകടിപ്പിക്കുന്നവരും അവരെ പരസ്യമായി ചീത്തവിളിക്കുന്നവരുമാണ്. അല്ലാഹുവേ, അവരുടെ കെടുതിയിൽ നിന്നും നിന്നിൽ ശരണം തേടുന്നു. അവരുടെ ബുദ്ധിയും മനസും തിരിഞ്ഞുപോയിരിക്കുന്നു എന്നാണ് ഈ പ്രവണത അറിയിക്കുന്നത്. അല്ലാഹു തൃപ്തിപ്പെട്ട ആളുകളെ ആക്ഷേപിക്കുന്ന ഈ വർഗത്തിന് വിശുദ്ധ ക്വുർആനിൽ വിശ്വാസമുണ്ടെന്നൊ? അഹ്ലുസ്സുന്നത്ത് പക്ഷെ, ഈ വി

ഭാഗത്തെപ്പോലെയല്ല. അല്ലാഹു തൃപ്തിപ്പെട്ടവർക്കു വേണ്ടി അവർ പ്രാർഥിക്കുന്നു. ആ മഹാൻമാരോട് വെറുപ്പും വിദ്വേഷവും കാണിക്കുന്നവരോട് അവരും വെറുപ്പ് കാട്ടുന്നു. അല്ലാഹുവിനോട് ബന്ധമുള്ളവരുമായി അഹ്ലുസ്സുന്നത്തിനും ബന്ധമുണ്ടാവും. അവനോട് ശത്രുതപുലർത്തുന്നവരുമായി അവരും ശത്രുതയിലായിരിക്കും. പ്രവാചകനെ പിന്തുടരുന്നവരാണ് അഹ്ലുസ്സുന്ന, മതത്തിൽ ബിദ്അത്തുണ്ടാക്കുന്നവരല്ല. സുന്നത്തിനനുസരിച്ച് ജീവിക്കുന്നവരാണ്, അതിൽ നിന്നും അകന്നു കഴിയുന്നവരല്ല."[8]

ഇബ്നു ഹസം(رحمه الله) പ്രസ്താവിക്കുന്നു: "അവരുടെ അഥവാ സ്വഹാബികളുടെ മനസിലുള്ളത് അറിയുകയും, അങ്ങനെ അവരെ തൃപ്തിപ്പെടുകയും, അവരിൽ സമാധാനം വർഷിക്കുകയും ചെയ്തു എന്ന് അല്ലാഹു നമ്മെ അറിയിക്കുകയാണ്, ഈ ആയത്തിലൂടെ. അതു കൊണ്ടു തന്നെ, അവരുടെ കാര്യത്തിൽ മോശമായതു ചിന്തിക്കാനൊ അവരെപ്പറ്റി സംശയിക്കാനൊ ഒരു നിലക്കും യാതൊരാൾക്കും പാടുള്ളതല്ല."

നബി(ﷺ)യുടെ ശ്രേഷ്ഠരായ സ്വഹാബികളെ പുകഴ്ത്തിപ്പറഞ്ഞ വചനങ്ങൾ ഇനിയും ക്വുർആനിലുണ്ട്. അതിൽപ്പെട്ടവയാണ്: "മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ." (ആലു ഇംറാൻ: 110). "അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി." (അൽ ബഖറ: 143). ആലോചിച്ചു നോക്കുക, ഈ വചനങ്ങൾ അവതരിക്കുന്ന വേളയിൽ റസൂലിന്റെ സ്വഹാബികളല്ലാതെ മറ്റാരാണ് സംബോധിതരായുണ്ടായിരുന്നത്? അതെ, അവർ തന്നെയാണ് ഈ ആയത്തുകളുടെ പ്രഥമ സംബോധിതർ. പ്രവാചകൻമാരെ കഴിച്ചാൽ മറ്റു സർവ്വ മനുഷ്യരേക്കാളും മഹത്വം സ്വഹാബികൾക്കു തന്നെയാണ്. അവരുടെ ശ്രേഷ്ഠതയേയും, ഔന്നിത്യത്തേയും, പദവിയേയും മാനിച്ച് കൊണ്ട്, ക്വിയാമത്തു നാളിൽ ജനങ്ങളുടെ സാക്ഷികളായി അവരെത്തന്നെയാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്.

അവരെപ്പറ്റി ക്വുർആൻ പറഞ്ഞു: "അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ. അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും വലതുവശങ്ങളിലൂടെയും സഞ്ചരിക്കും." (തഹ്രീം: 8)

ശൈഖ് ഇബ്നു തൈമിയ(رحمه الله) പറയുന്നു: "ചുരുക്കത്തിൽ, മുഅ്മിനുകളേയും മുത്തക്വികളേയും മുഹ്സിനുകളേയും സംബോധന ചെയ്തും അവരെ പുകഴ്ത്തിപ്പറഞ്ഞും വന്നിട്ടുള്ള ക്വുർആനിലെ ആയത്തുകളിലെല്ലാം, ഈ സമുദായത്തിൽ നിന്നും ആദ്യമായി ഉൾപ്പെടുക സ്വഹാബികളാണ്."[9]

---

[8] തഫ്സീർ ഇബ്നു കഥീർ, വാ. 2 പേ. 367

[9] മിൻഹാജുസ്സുന്ന, വാ. 2 പേ. 49, 50